മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം
സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/23 തീയതി. 01.8.2023

സർക്കുലർ

പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,

വിഷയം: സോഷ്യൽ ഓഡിറ്റ് ടീം കണ്ടെത്തുന്ന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ റിപ്പോർട്ട് ചെയ്യുന്നതു-സംബന്ധിച്ച്

സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തുന്ന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ വസ്തുനിഷ്ഠമായി റിപ്പോർട്ട് ചെയ്യുക എന്നത് റിസോഴ്സ് പേഴ്സൺമാരുടെ നിയമപരമായ ഉത്തരവാദിത്വമാണ്. 100%പ്രവൃത്തികളുടെയും വിലയിരുത്തലിലൂടെ കണ്ടെത്തിയ അപാകതകളും അളവുകളുമായി ബന്ധപ്പെട്ട വ്യതിയാനങ്ങളും സംബന്ധിച്ച കാര്യങ്ങൾ ഓഡിറ്റ് നോട്ടിൽ രേഖപ്പെടുത്തി പഞ്ചായത്തിൽ നടത്തുന്ന എക്സിറ്റ് മീറ്റിംഗിലൂടെ നിർവ്വഹണ ചുമതലയുള്ള അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരണം. തുടർന്ന് ഇത്തരം ന്യൂനതകളും പോരായ്മകളും ഗ്രാമസഭാ റിപ്പോർട്ടിലും പബ്ലിക് ഹിയറിംഗ് റിപ്പോർട്ടിലും നിർബന്ധമായും ഉൾപ്പെടുത്തണം. സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേലുള്ള പരിഹാര നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടത് എം.ഐ.എസ്സിൽ റിപ്പോർട്ട് ചെയ്തതിനുശേഷമുള്ള എ.റ്റി.ആർ ക്ലോഷർ ഘട്ടത്തിൽ മാത്രമേ കഴിയുകയുള്ളൂ. സോഷ്യൽ ഓഡിറ്റിന്റെ വിവിധ ഘട്ടങ്ങൾക്കിടയിൽ സ്വീകരിക്കുന്ന യാതൊരുവിധ പരിഹാര നടപടികളും നിയമപരമായി നിലനിൽക്കുന്നതല്ലായെന്നും അതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രശ്നങ്ങളിന്മേലുള്ള ഇടക്കാല പരിഹാര നടപടികൾ അനുവദനീയമല്ല എന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സോഷ്യൽ ഓഡിറ്റിന് ഇടയിലുള്ള പരിഹാരനടപടികളിൽ സാദ്ധ്യമായത് താഴെപ്പറയുന്നവയാണ്.

- രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വന്ന പിഴവുകൾ പരിഹരിക്കുക
- ഫയലുകൾ ഹാജരാക്കാൻ കഴിയാതെ വന്നത് ഹാജരാക്കാൻ അവസരം നൽകുക.
- ഗ്രാമസഭാ മിനിട്ട്സുകൾ പൂർത്തിയാക്കാൻ അവസരം നൽകുക.
- രജിസ്റ്ററുകൾ ഏതെങ്കിലും തയ്യാറാക്കിയിട്ടില്ലെങ്കിൽ തയ്യാറാക്കി സമർപ്പിക്കാൻ അവസരം നൽകുക.

എന്നാൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട അളവുകളിലോ പ്രവൃത്തി ചെയ്യാതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം അപാകതകൾ റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും ഓഡിറ്റ് പ്രക്രിയ പൂർത്തിയായതിനുശേഷം എ.റ്റി.ആറിലൂടെ നിയമാനുസൃതം പരിഹാരം കാണേണ്ടതുമാണ്.

ഇക്കാര്യത്തിൽ ജില്ലാ-ബ്ലോക്ക്-വില്ലേജ് റിസോഴ്സ് പേഴ്സൺമാർ പ്രത്യേക ശ്രദ്ധ നൽകണമെന്നും സോഷ്യൽ ഓഡിറ്റിന്റെ വിശ്വാസ്യതയും കാര്യക്ഷമതയും ഉറപ്പാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ.എൻ. രമാകാന്തൻ
ഡയറക്ടർ

കോപ്പി:

1. എല്ലാ ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും
3. എല്ലാ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും